# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 71**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

ലഹരിവസ്തുക്കളുടെ ലഭ്യതയും ഉപയോഗവും അപകടകരമാംവിധം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഈ ദുരവസ്ഥയെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും നാശത്തിന്റെ വക്കിൽനിൽക്കുന്ന മാനവസമൂഹത്തെ രക്ഷിക്കുന്നതിനും സഭ പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യത്തോടുകൂടി സഭ ആരംഭിച്ച ലഹരിവിമോചനസമിതി, മിഷൻ ടു പാരീഷ്, മിഷൻ ടു സ്കൂൾസ്/കോളജസ് ആന്റ് സണ്ടേസ്കൂൾസ്, മിഷൻ ടു ആൽക്കഹോളിക് അനോനിമസ്, മിഷൻ ടു പബ്ലിക് അവയർനസ്, മിഷൻ ടു റീഹാബിലിറ്റേഷൻ എന്നീ 5 മേഖലകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു.

അഭിവന്ദ്യ തോമസ് മാർ തിമോഥെയോസ് എപ്പിസ്ക്കോപ്പ ചെയർമാനായുള്ള ഒരു കമ്മറ്റി ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. നമ്മുടെ എല്ലാ ഇടവകകളിലും ലഹരി വിമോചന സമിതിയുടെ ശാഖകൾ ആരംഭിച്ച് ഇടവകകളിലും ഇടവകയ്ക്ക് പുറത്തും ഈ ശ്രേഷ്ഠമായ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

2023 ജനുവരി 8–ാം തീയതി ഞായറാഴ്ച ലഹരി വിരുദ്ധദിനമായി സഭ വേർതിരിച്ചിരിക്കുന്നു. ആ ദിവസത്തേക്ക് ക്രമീകരിച്ചിരിക്കുന്ന പ്രത്യേക ആരാധനക്രമം ഇടവകകളിൽ ഉപയോഗിക്കേണ്ടതാണ്. നമ്മുടെ എല്ലാ പള്ളികളിലും ലഹരി വിരുദ്ധ പ്രചാരണത്തോടൊപ്പം റാലികൾ, പദയാത്രകൾ, പൊതുയോഗങ്ങൾ ആദിയായവ സംഘടിപ്പിച്ച് ജനങ്ങളെ ജാഗരൂകരാക്കണം. സഭയുടെ എല്ലാ തലങ്ങളിലെ സമ്മേളനങ്ങളിലും ഇതൊരു പ്രധാന വിഷയമായി ചർച്ച ചെയ്യുകയും സഭ ഒന്നടങ്കം ഈ തിന്മയ്ക്കെതിരെ പോരാടുവാൻ സമർപ്പിതരാകുകയും വേണം. ആധുനിക വിവരസാങ്കേതിക വിദ്യയുടെ പുത്തൻ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ഈ സന്ദേശം കൗമാരക്കാരിലും യുവജനങ്ങളിലും എത്തിക്കുന്നതിൽ ശ്രദ്ധിക്കണം.

മലയാലപ്പുഴ നവജീവകേന്ദ്രം, കോട്ടയം മോചന, പേയാട് നൈർമല്യ, വാളകം ആശ്വാസ്, അടൂർ അനുഗ്രഹ, കിടങ്ങന്നൂർ നവദർശൻ, കുമ്പനാട് കൗൺസിലിംഗ് സെന്റർ, വയനാട് മുക്തി, അഗളി ദർശന, പൊള്ളാച്ചി മുതലായ ഡി–അഡിക്ഷൻ സെന്ററുകളിൽ ചികിത്സ, ബോധവൽക്കരണ ക്ലാസുകൾ, കൗൺസലിംഗ്, ആൽക്കഹോളിക് അനോണിമസ് മീറ്റിംഗുകൾ തുടങ്ങിയവ നടത്തിവരുന്നു.

നമ്മുടെ സഭാംഗങ്ങൾ, ക്രിസ്തീയ സാക്ഷ്യം നിലനിർത്തുന്നതിന്റെ ഭാഗമായി ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും പൂർണ്ണമായി വിട്ടു നിൽക്കേണ്ടതാണ്. ലിംഗഭേദമെന്യേ എല്ലാവ്യക്തികളും ലഹരി വിരുദ്ധ പ്രതിജ്ഞ ഏറ്റെടുത്ത് ലഹരിമുക്ത വ്യക്തിത്വം, ലഹരിമുക്ത കുടുംബം, ലഹരിമുക്ത ഇടവക, ലഹരിമുക്ത സമൂഹം എന്ന ലക്ഷ്യപ്രാപ്തിക്കായി ഒന്നിച്ച് പ്രവർത്തിക്കാം. ലഹരി വിപത്തിൽ നിന്നും നമ്മുടെ സമൂഹത്തെ രക്ഷിക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും ഫലകരമാകുന്നതിന് ആവശ്യമായ പരിശുദ്ധാത്മ ശക്തി ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

2022 ഡിസംബർ 19–ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 71**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

In the context of wide use and pernicious availability of alcohol and narcotic substances, the Church is bound by duty to campaign against and raise awareness about this social evil. The Lahari Vimochana Samithy, which was started with a view to implement the temperance movement, performs activities in these five areas: Mission to Parish, Mission to Schools/Colleges and Sunday Schools, Mission to Alcoholics Anonymous, Mission to Public Awareness, and Mission to Rehabilitation.

A committee headed by Rt. Rev. Thomas Mar Timotheos Episcopa gives leadership to these activities. Branches of the Lahari Vimochana Samithy should be started in our parishes and lead its activities in and around the parish, as it is the necessity of the time.

We as a Church have set apart the Sunday, 8th January, 2023 as the Temperance Day. The special worship order prepared for the day should be used in our parishes. Along with raising awareness, activities such as rallies, padayatras, public meetings, etc. should be organized to make all people vigilant. Gatherings in all levels of the Church should take this as a main topic of discussion, and the Church as a whole must commit to fight this menace. This message must be conveyed to the adolescents and youth by using the numerous possibilities of information technology.

Treatment for alcoholism and drug addiction including family counselling, Alcoholics Anonymous meetings and awareness meetings are made available at Navajeeva Kendram – Malayalapuzha, Mochana – Kottayam, Nairmalya De-addiction & Counselling Centre – Peyadu, Thiruvanathapuram, Aswas – Valakom, Anugraha – Adoor, Navadarsan De-addiction Centre – Kidangannur, Mukti De-addiction Centre – Nadavayal, Wayanad, Counselling Centre – Kumbanad, Darsana – Agali, Pollachi, etc.

We exhort all members of the Church to uphold their Christian witness by not falling prey to alcohol and narcotic substances. All people should take the pledge of temperance irrespective of gender and collaborate for the ultimate aim of alcohol-free personality, alcohol-free family, alcohol-free parish and an alcohol-free society. Let us pray that the Holy Spirit may strengthen all our efforts to save our society from this grave danger of alcoholism.

Grace be with you all.

Dated 19th December 2022 from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**

**മലങ്കര മാർത്തോമ്മാ സുറിയാനി സഭ,**
**ലഹരിവിമോചന സമിതി**
**ലഹരി വിരുദ്ധ ദിനം 08-01-2023**

**(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടു കൂടിയത്.)**

*'യഹോവയെ സ്തുതിപ്പീൻ. ഞാൻ നേരുള്ളവരുടെ സംഘത്തിലും സഭയിലും പൂർണ്ണഹൃദയ ത്തോടെ യഹോവെക്കു സ്തോത്രം ചെയ്യും. യഹോവയുടെ പ്രവൃത്തികൾ വലിയവയും അവയിൽ ഇഷ്ടമുള്ളവരൊക്കെയും ശോധന ചെയ്യേണ്ടിയവയുംആകുന്നു. (സങ്കി. 111.1)*

പാട്ട് – ക്രിസ്തീയകീർത്തനം 194 (1,2,3,4,5)

കൗമ്മാ

<u>പ്രാരംഭ പ്രാർത്ഥന</u>

സർവ്വശക്തനും നിത്യനുമായ പിതാവാം ദൈവമേ, ദൈവരാജ്യത്തിന്റെ ശ്രേഷ്ഠമായ മാതൃകകളെ പിൻപറ്റുവാൻ മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്ക് നൽകുന്ന ദർശനത്തിനായി സ്തോത്രം. പാപികളെ സ്നേഹിക്കുകയും എന്നാൽ പാപത്തെ വെറുക്കുകയും ചെയ്യുന്ന കർത്താവേ, മനുഷ്യരെ പാപസ്വഭാവത്തിലേക്ക് നയിക്കുന്ന ലഹരികൾക്കെതിരെ പോരാടുമ്പോൾ തന്നെ ലഹരി ആസക്തരെ അങ്ങയുടെ സ്നേഹത്താൽ ചേർത്തണയ്ക്കുവാൻ സഭയെ ശക്തീകരിക്കേണമേ. പാപത്തെ കുറിച്ചും നീതിയേക്കുറിച്ചും ന്യായവിധിയെ കുറിച്ചും ഞങ്ങളിൽ ബോധം വരുത്തുന്ന പരിശുദ്ധാത്മാവാം ദൈവമേ, അങ്ങയുടെ മക്കളായ ഞങ്ങളെ അവിടുത്തെ ആലോചനയിലും ബോധത്തിലും വഴിനടത്തുകയും ചെയ്യേണമേ. – ആമേൻ

<u>സ്തോത്ര പ്രാർത്ഥന</u>

***<u>ശുശ്രൂഷകൻ:</u>*** ആധുനിക ഘട്ടത്തിലെ മാറ്റങ്ങളെ തിരിച്ചറിഞ്ഞ് വിവിധ തരത്തിലുള്ള ആസക്തികളിലേക്ക് നിപതിച്ചവരെ വീണ്ടെടുക്കുന്ന സഭയിലെ ലഹരിവിമോചന പ്രവർത്തനങ്ങൾക്കായും സമൂഹത്തിലെ തിന്മകൾക്കെതിരെ ശബ്ദമുയർത്തുവാൻ സഭയെ ചാലകമാക്കുന്ന ദൈവകൃപയ്ക്കായും ദൈവമേ..

ജനം – ഞങ്ങൾ നിനക്കു സ്തോത്രംചെയ്യുന്നു.

***<u>ശുശ്രൂഷകൻ:</u>*** ലഹരി ആസക്തരെ അധാർമ്മികരായി വിലയിരുത്തി ഉപേക്ഷിക്കാതെ ആസ ക്തി ഒരു രോഗമാണെന്ന ശാസ്ത്രീയ അവബോധത്തെ ഉൾക്കൊണ്ട് ആസക്തി രോഗികളുടെ വീണ്ടെടുപ്പിനായി മുന്നിട്ടിറങ്ങുവാൻ മാർത്തോമ്മാ സഭയെ സജ്ജമാക്കിയതിനായ് ദൈവമേ..

ജനം – ഞങ്ങൾ നിനക്കു സ്തോത്രംചെയ്യുന്നു.

***<u>ശുശ്രൂഷകൻ:</u>*** ലഹരിവിമോചന ചികിത്സാ, ലഹരിബോധവത്കരണ പരിപാടികൾ, ലഹരി ഉപയോഗ, ഉത്പാദന, വിതരണ രംഗത്തെ പ്രതിരോധ പ്രവർത്തനങ്ങൾ, ലഹരി ഉപയോഗത്തിൽ നിന്ന് വിട്ടുനിൽക്കുന്നവരുടെ തുടർസൗഖ്യ പദ്ധതികൾ എന്നിങ്ങനെ വിവിധ രീതിയിൽ ലഹരിവിമോചന രംഗത്ത് പ്രവർത്തിക്കുന്ന മലയാലപ്പുഴ നവജീവകേന്ദ്രം, കോട്ടയം മോചന, വയനാട് മുക്തി, അട്ടപ്പാടി ദർശന, പേയാട് നൈർമ്മല്ല്യ, കിടങ്ങന്നൂർ നവദർശൻ, അടൂർ അനുഗ്രഹ, കൊട്ടാരക്കര ആശ്വാസ്, പൊള്ളാച്ചി മിഷൻ എന്നീ കേന്ദ്രങ്ങൾക്കായും അവയുടെ പ്രവർത്തനങ്ങൾക്കായും ദൈവമേ..

ജനം – ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.

<u>അനുതാപ പ്രാർത്ഥന</u>

***<u>ശുശ്രൂഷകൻ:</u>*** സൃഷ്ടിയുടെ മകുടമായും നന്മ തിന്മകളെ വേർതിരിച്ചറിയുവാൻ തക്ക ഇച്ഛാ ശക്തിയോടും നീ ഞങ്ങളെ മെനഞ്ഞിട്ടും നന്മയ്ക്കു പകരം തിന്മയെ പുൽകിയ കുറവിനെ ദൈവമേ..

ജനം – ഞങ്ങളോടു ക്ഷമിക്കേണമേ

***<u>ശുശ്രൂഷകൻ:</u>*** ദൈവഹിത പ്രകാരമുള്ള ജീവിതമാതൃകയിലൂടെ വർജ്ജനത്തിന്റെയും, കരുതലിന്റെയും, കാരുണ്യത്തിന്റെയും, സ്നേഹത്തിന്റെയും ഉദാത്ത മാതൃക ഞങ്ങൾക്കു വെളിപ്പെടുത്തിയ

കർത്താവേ, അങ്ങയുടെ അനുഗാമികളും അനുകാരികളും എന്ന് മേനി നടിക്കുന്ന ഞങ്ങൾ അങ്ങയുടെ ജീവിതശൈലി പിൻപറ്റാതെ സ്വന്തം താല്പര്യങ്ങൾക്കും നേട്ടത്തിനും ലാഭത്തിനും പ്രഥമ പരിഗണന കൊടുത്ത കുറവിനെ ദൈവമേ..

ജനം – ഞങ്ങളോടു ക്ഷമിക്കേണമേ

***ശുശ്രൂഷകൻ:*** ലഹരി ആസക്തി രോഗികളും അവരുടെ കുടുംബാംഗങ്ങളും ദൈവസ്വരൂപത്തിന്റെയും ദൈവീകാംശത്തിന്റെയും മാതൃകയാണെന്ന യാഥാർഥ്യത്തെ ഉൾക്കൊള്ളാതെ, ഞങ്ങളുടെ സമസൃഷ്ടികളായ അവരെ അവഗണിച്ചു കളഞ്ഞ കുറവിനെ ദൈവമേ..

ജനം – ഞങ്ങളോടു ക്ഷമിക്കേണമേ

## മദ്ധ്യസ്ഥ പ്രാർത്ഥന

***ശുശ്രൂഷകൻ:*** മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്ക്കാലോചിതമായ നേതൃത്വം കൊടുക്കുകയും സാമൂഹികതിന്മകൾക്കെതിരെ ശക്തമായ നിലപാടുകൾ എടുക്കുകയും ചെയ്യുന്ന അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത, സഭയുടെ വിവിധ ലഹരി വിമോചന കേന്ദ്രങ്ങളെയും പ്രവർത്തനങ്ങളെയും ഏകോപിക്കുവാൻ രൂപീകൃതമായ ലഹരിവിമോചന സമിതിക്കായും പ്രസിഡന്റ് അഭിവന്ദ്യ തോമസ് മാർ തിമോഥെയോസ് എപ്പിസ്കോപ്പാ തിരുമേനി, മറ്റ് കമ്മറ്റി അംഗങ്ങൾ. വിവിധ ഭദ്രാസനങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ലഹരിവിമോചന ചികിത്സാ കേന്ദ്രങ്ങൾക്കായും ഒരോ സ്ഥാപനയുടെയും അദ്ധ്യക്ഷ പദവി അലങ്കരിക്കുന്ന അഭിവന്ദ്യ തിരുമേനിമാർ, ഡയറക്ടർ അച്ചന്മാർ, സ്റ്റാഫ്, വോളന്റിയേഴ്സ്, ഭരണസമിതി, പൊതുയോഗ അംഗങ്ങൾ, അഭ്യുദയകാംക്ഷികൾ എന്നിവർക്കായി നമുക്ക് ദൈവത്തോടു അപേക്ഷിക്കാം

***ജനം:***കർത്താവേ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

***ശുശ്രൂഷകൻ:***ദൈവകൃപയിൽ ആശ്രയിച്ച് ഒരോ ദിവസ പദ്ധതിയിലൂടെ ആസക്തി രോഗത്തെ പ്രതിരോധിച്ച് സൗഖ്യജീവിതത്തിൽ നിലനിൽക്കുന്നവരുടെ തുടർസൗഖ്യത്തിനായും അവരുടെ കുടുംബാംഗങ്ങളുടെ നിത്യമായ സന്തോഷത്തിനായും ആൽക്കഹോൾ അനോണിമസ്, നർക്കോട്ടിക്ക് അനോണിമസ്, അൽ – അനോൺ, അൽ – അറ്റീൻ ഗ്രൂപ്പുകൾ എന്നിവർക്കായി നമുക്കു ദൈവത്തോട് അപേക്ഷിക്കാം

ജനം – കർത്താവേ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

***ശുശ്രൂഷകൻ:*** മനുഷ്യ ജീവിതത്തിന്റെ വ്യക്തി, കുടുംബ, സാമൂഹിക, ആത്മീയ, മേഖലകളുടെ ജീർണ്ണതയ്ക്കും ശാരീരിക, മാനസിക, വൈകാരിക തലങ്ങളുടെ അനാരോഗ്യത്തിനും കാരണമാകുംവിധം വിവിധ ലഹരി പദാർഥങ്ങൾക്കും ആധുനിക സാങ്കേതിക വിദ്യ കൾക്കും അടിമപ്പെട്ട ആസക്തി രോഗികളുടെ പൂർണ്ണ വീണ്ടെടുപ്പിനായി നമുക്ക് ദൈവത്തോട് അപേക്ഷിക്കാം.

ജനം – കർത്താവേ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

***ശുശ്രൂഷകൻ:*** ലഹരി വിരുദ്ധ ദിനമായി സഭ വേർതിരിച്ചിരിക്കുന്ന ഈ ദിനത്തിൽ നടത്തപ്പെടുന്ന ആരാധനകളും, വിവിധ കേന്ദ്രങ്ങളിൽ സാമൂഹിക തിന്മകൾക്കെതിരേ നടത്തപ്പെടുന്ന പ്രവർത്തനങ്ങളും സഭയിലും വിശ്വാസ സമൂഹത്തിലും സാമൂഹിക തിന്മകൾക്കെതിരേ കൂടുതൽ ശക്തമായ നിലപാടെടുക്കുവാൻ മുഖാന്തരമാകുന്നതിനു വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കാം.

ജനം – കർത്താവേ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

## സമർപ്പണ പ്രാർത്ഥന

***എല്ലാവരും ചേർന്ന്–*** പാപത്തെ വെറുക്കുകയും പാപികളെ സ്നേഹിക്കുകയും ചെയ്യുന്ന കർത്താവെ ക്രൂശിലെ കള്ളനോട് ക്ഷമിക്കുകയും, വിജാതീയ സ്ത്രീയോട് കരുണ തോന്നുകയും, ചുങ്കക്കാരെതന്റെ മേശയ്ക്ക് ചുറ്റും ഇരുത്തുകയും ചെയ്ത നാഥാ അങ്ങയുടെ ജീവിതശൈലിയിൽ പ്രചോദിതരായി അവിടുത്തെ മാതൃക അനുകരിക്കുവാൻ ഞങ്ങളെതന്നെ സമർപ്പിക്കുന്നു.. ആമേൻ.